# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2282 18/07/2016-ൽ മറുപടിയ്ക്ക്**

## കായിക്കരപാലം നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ : | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
|---|---|---|---|
| എ) | അഞ്ചുതെങ്ങ്, വക്കം ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കരപാലം നിർമ്മിക്കുന്നതിനായി ഹാർബർ എഞ്ചിനിയറിംഗ് വിഭാഗം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | എ) യും ബി) യും | അഞ്ചുതെങ്ങ്,വക്കം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കരപാലം നിർമ്മിക്കുന്നതിന് 1925 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (2012 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം) തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ നബാർഡ് ധനസഹായ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. |
| ബി) | എങ്കിൽ ഇത് ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | ബി) | |
| സി) | പദ്ധതി നടപ്പിലാക്കുന്നതിലേക്കാവശ്യമായ ഭൂമി ഏറ്റെടുക്കലിന് ഫണ്ട് ലഭ്യമാക്കേണ്ടതാരാണെന്നും ഇതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങളും വിശദമാക്കാമോ? | സി) | ലാന്റ് അക്വിസിഷൻ പൂർത്തിയാക്കിയതോ സ്ഥലം ഉള്ള പ്രവൃത്തിയോ മാത്രം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ചാൽ മതിയെന്ന് ഇക്കഴിഞ്ഞ എസ്.എൽ.ഇ.സി മീറ്റിംഗിൽ തീരുമാനിച്ചിരുന്നു. ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികളാണ് മേൽ പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് ലഭ്യമാക്കേണ്ടത്. സ്ഥലമേറ്റെടുക്കലിന് ആവശ്യമായ ഫണ്ട് പഞ്ചായത്തിന് ലഭ്യമല്ലാത്തിനാലാണ് സ്ഥലം ഏറ്റെടുക്കാൻ സാധിക്കാത്തതെന്നാണ് ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികൾ അറിയിച്ചിട്ടുള്ളത്. |

**സെക്ഷൻ ആഫീസർ**